# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3964 — 12.12.2018 ൽ മറുപടിക്ക്

### ആയുഷ്മാൻ ഭാരത് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>,, ടി.എ.അഹമ്മദ് കബീർ<br>,, ടി. വി. ഇബ്രാഹിം<br>,, സി.മമ്മൂട്ടി | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ദേശിയ ആരോഗ്യസുരക്ഷ പദ്ധതിയായ ആയുഷ്മാൻ ഭാരതിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇതിനുള്ള ധാരണപത്രം ഒപ്പ് വച്ചിട്ടുണ്ടോ; ഇതിൽ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണം അറിയിക്കാമോ; | (എ) | ദേശിയ ആരോഗ്യ സുരക്ഷാ പദ്ധതിയായ ആയുഷ്മാൻ ഭാരതിൽ കേരളം ഉൾപ്പെട്ടിട്ടുണ്ട്. ഇതിനുള്ള ധാരണാ പത്രത്തിൽ കേരളം ഒപ്പ് വച്ചിട്ടുണ്ട്. ഇതിനു കാലതാമസം ഉണ്ടായിട്ടില്ല. |
| (ബി) | ആയുഷ്മാൻ ഭാരത് പദ്ധതിയുടെ നിലവിലുള്ള നിബന്ധനകൾ പാലിക്കുന്നതിൽ കേരളത്തിൽ പ്രത്യേകമായി എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ അവ പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ആയുഷ്മാൻ ഭാരത് പദ്ധതിയുടെ നിലവിലുള്ള നിബന്ധനകൾ പാലിക്കുന്നതിന് കേരളത്തിന് പ്രായോഗികമായി ബുദ്ധിമുട്ടുകൾ ഇല്ല. എന്നാൽ കേന്ദ്ര വിഹിതം എത്രത്തോളം എന്ന കാര്യത്തിലെ അവ്യക്തത തുടരുന്നു. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരുമായി ആശയവിനിമയം നടത്തിക്കൊണ്ടിരിക്കുന്നു. |
| (സി) | ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേരളത്തിന് അധികചെലവ് ഉണ്ടാകുമോ എന്ന് വിശദമാക്കാമോ; | (സി) | ഈ പദ്ധതി നടപ്പിലാക്കുമ്പോൾ കേരളത്തിന് അധിക ചിലവ് ഉണ്ടാകും. കേന്ദ്ര സർക്കാർ നൽകുന്ന അനൗദ്യോഗിക വിവരങ്ങൾ പ്രകാരം അഞ്ചു ലക്ഷം രൂപയ്ക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന പരമാവധി ഇൻഷുറൻസ് ചിലവ് ഒരു കുടുംബത്തിന് 1,102/- രൂപയും ആയതിന്റെ അറുപതു ശതമാനം 661.20 രൂപ മാത്രം നൽകുമെന്നാണ് അറിയിച്ചിരിക്കുന്നത്. നിലവിൽ സംസ്ഥാനത്തു നടപ്പിലാക്കുന്ന മുപ്പതിനായിരം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി ആയ ആർ.എസ്.ബി.വൈ.പദ്ധതിക്ക് ഒരു കുടുംബത്തിന് പ്രീമിയം തുക 738/- രൂപയും അതിൽ കേന്ദ്ര വിഹിതം 406.80 രൂപയുമാണ് ലഭിക്കുന്നത്. ആയതിനാൽ മത്സരാധിഷ്ഠിത ടെൻഡർ നടപടികളിലൂടെ ഇൻഷുറൻസ് ചിലവ് 1,102/- രൂപയിൽ കൂടുതൽ ഇൻഷുറൻസ് സേവന ദാതാക്കൾ തുക സമർപ്പിക്കുകയാണെങ്കിൽ അധികം വരുന്ന തുക മുഴുവൻ സംസ്ഥാന സർക്കാർ വഹിക്കേണ്ടിവരുന്നതാണ്. |
| (ഡി) | ഈ പദ്ധതിയിൽ നിന്ന് പിന്മാറുന്ന പക്ഷം സമാന രീതിയിലുള്ള മറ്റേതെങ്കിലും ഇൻഷുറൻസ് പദ്ധതി നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ